# താടകാവധം

ആട്ടക്കഥ

വി. കൃഷ്ണൻതമ്പി

MAO

# താടകാവധം

12512

## ആട്ടക്കഥ

N. Bhagavathi Amma

ഗ്രന്ഥകർത്താ

വി. കൃഷ്ണൻതമ്പി

വില രൂ. 1.

BOOK STALL SPCS LTD

അഞ്ചാം പതിപ്പ് കാപ്പി 500

*All rights reserved by the publisher.*

**Author**
**V. KRISHNAN TAMPI**

**Publisher :**
**N. BHAGAVATHI PILLA KOCHAMMA**
**(Mrs. V. KRISHNAN TAMPI)**
Beach Bungalow, Trivandrum.–7
JUNE 1960

# താടകാവധം

(ശങ്കരാഭരണം)

ശ്ലോകം 1. അഥ ത്രിലോകീസുകൃതോത്കരം തന്വം
രാമസ്സിഷേവേ സവിതുഃ കുലാങ്കുരഃ
നിർവ്വേദനൈഷ്കർമ്യനിശാനിമീലിതാം
നേതാ ധരാം കർമ്മപരം പ്രജാഗരം

(മദ്ധ്യമാവതി-ചെമ്പട)

ശ്ലോകം 2. ശതക്രതുപരാക്രമാൻ സുരവധൂവപുർമ്മാധുരീ-
സ്സമം സമഭിഭാവിനീം സകലയാതുധാനേശ്വരീം
സ്വവീക്ഷിതസുരക്ഷിതേ ശിശിരനീലസാന്ദ്രേ വനേ
സമേത്യ കില താടകാം സദസി കോ*f*പി ഭൃതോ*f*
ബ്രവീത്.

പദം 1. പൂർവ്വദേവവംശാധീശ്വരി സർവ്വസുപർവാ-
ഖർവഗർവഭാരഹാരിണി-
ഭുവലയം ചുററിവന്നേൻ-താവകയശോമുഖരം
ആവതൊന്നുണ്ടുണർത്തിപ്പാ-നായതു നീ ശ്രവിക്കേണം
(പൂർവ)

ആര്യാവർത്തമെന്നുണ്ടുപോൽ-ദേശമൈശ്വര്യ-
ധുര്യം വിശ്രുതമതുപോൽ
ആര്യവംശ്യർ തത്ര വാഴ്‌വൂ-ഭൂരികല്യാണാകൃതികൾ
വേദ്യസർവ്വസ്വവേദികൾ-വീര്യശൌര്യവാരാശികൾ
(പൂർവ)

ച്ഛും ദാനവബലമെന്നു-കരുതി നിൻകാട്ടുകൾ
സ്വച്ഛന്ദമവർ പൂകുന്നു.
തരുണീസുരാദികാമ്യം-ഹരിചന്ദനാതിരമ്യം
സുരപദം പൂണ്മാനിന്നു-പുരുയത്നമവർ ചെയ്വൂ (പൂർവ)
ശുദ്ധമന്ത്രങ്ങളോതുന്നു ഇന്ദ്രാദികൾക്കവർ
ഗോമാംസഹവിസ്സേകുന്നു.
വഹ്നിയാഹവിസ്സുദേവ-സന്നിധിചേർത്തിടുന്നുപോൽ
നന്ദിതരവർ നരക്ക-നാകവാതിൽ തിറപ്പൂപോൽ (പൂർവ)

(ശങ്കരാഭരണം-ചായ്പു്)

പദം 2. ഹന്ത ഹന്ത കഥിപ്പതെന്തധുനാ-കണ്ണുകൃന്തനം
ഹന്ത ഹന്ത കഥിപ്പതെന്തധുനാ.
കൂടവൃത്തികളോർത്താ-ലാരിവരായ്പപാശർ
കണ്ടതുമില്ല മുന്നം കേട്ടുമില്ലതു നൂനം (ഹന്ത)

സുരർഭവിപ്പൂ നാമിരിപ്പൂ-അമൃതിനായൊരുപോൽശ്രമിപ്പൂ
ജലധിമഥിപ്പൂ അമൃതു ലഭിപ്പൂ സുരർ ചതിപ്പൂ നാംപതിപ്പൂ
പാരമല്പകതീപ്തിന്നിഹ-പുകയുമകമൊട്ടു പോരു-
മവസരം
പാർത്തിരിപ്പൂ പാർത്തലത്തിൽ-ദനുജരനവധിയിന്നു
ദിശി ദിശി (ഹന്ത)

ഹരികളിടയവെ നടുവിലെത്തിയ-നരികൾപോൽനര
കീടർ നന്നുട-
നരിയൊരസുരക്കസുലഭം സുര-ഭാവവാഞ്ഛ്ചരകലന്നിട്ടു
ന്നതു
വൃത്തമിന്നിതു വിസ്മയാവഹമതിനവക്കൊരുപായ-
മുചിതം

ചത്തപശുവിൽവാൽപിടിച്ചുക-രേറുമവർപോൽ
സ്വര്ഗ്ഗമധുനാ (ഹന്ത ഹന്ത)

(മോഹനം—ചായ്പ്പ്)

പദം 3. മാനനീയഗുണാബ്ധികൾ-ദാനവന്മാരിതു കേൾപ്പിൻ
മാനിനീഞാനചഞ്ചലം-ചെയ്തിട്ടന്നേനിതുസത്യം (മാന)
ഗോനിധനാദി തന്ത്രങ്ങൾ-ശുദ്ധതരദുർമന്ത്രങ്ങൾ
മനുവംശ്യരനുഷ്ഠിപ്പൂ-ദനുജാരിപ്രിയാത്ഥികൾ (മാന)
കട്ടകൃത്യം തുടന്നോർതൻ കട്ടനിണം കുടിക്കാതെ
കട്ടകോളം കെട്ടകില്ലെൻ-കട്ടകോപമിതു സത്യം (മാന)
പോക്കളം താവളമാവൂ-ആഹവംതാൻ വ്രതമാവൂ
മുഷ്ക്കെഴും മാനവന്മാരെ മുടിപ്പോളമിതു സത്യം (മാന)
ദനുജന്മാർ കാട്ടപൂവിൻ-വിരഞ്ഞെങ്ങും നടകൊൾവിൻ
മനുജരെങ്ങാൻ കാണ്മതാകിൽ-കൊണ്ടെനിക്കുകാഴ്ച
വയ്പിൻ (മാന)

(കേദാരഗൌഡം - ചായ്പ്പ്)

ശ്ലോകം 3. രക്ഷോവംശസ്യ ലക്ഷ്മീം ക്ഷപിതസുരമഹഃ-
പ്രൌഢിമാലേഢുമൂഢ-
ജ്വാലാജിഹ്വം ഹുതാശം പ്രതിവിപിനതലം
തന്വതോഽന്യൂനശോഭം
ആബധ്യാകൃഷ്യ പാശൈഃ സ്വവനവിധികൃതഃ
ക്ഷത്രുഡിംഭാംശ്ച ഹോതൄൻ

ദംഭോദ്രിക്തഃ കുസുംഭഃ പ്രസഭമഥ സഭാം
ഭേജിവാംസ്സാടകീയാം.

പദം 4. ആശയെന്തപരം തവദീയമഹോ ആശരാധീശ്വരി
ആശു സാധ്യമശേഷമിന്നു മയാ-
വിഗർഹ്യമന്ത്രതന്ത്ര്യാഢ്യ വഹ്നി കത്തിക്കാളിട്ടുന്ന-
വേദികളൊന്നൊഴിയാതെ തച്ചുഴിച്ചിങ്ങു ഞാൽ
പോന്നേൻ (ആശ)

ഗോക്കൾ നല്ല ഘടോധ്നികൾ-സംഖ്യയില്ലാതുള്ളവയെ
ഒക്കവേ മോചനം ചെയ്തേൻ യൂപജാലങ്ങൾ ധ്വംസിച്ചേൻ
(ആശ)

താമസവൃത്തി തുടർന്ന-താപസാപസദരെ ഞാൻ
താടികുട്ടിക്കെട്ടി നന്നായ്-താഡിച്ചുകൊണ്ടുപോന്നേൻ
(ആശ)

ക്രുദ്ധരായിക്കുതികൊണ്ട-മുഗ്ദ്ധരാമീബാലകരെ
ബദ്ധരാക്കിവാൾപറിച്ചു-ചേർത്തേൻനിൻചേവടിയിൽ.
(ആശ)

(കല്ല്യാണി - ചെമ്പട)

പദം 5. തളിർതൊഴുംതനുകാന്തി_പ്പൊലിമയാലകതാരിൽ
കുളിരേകീടുന്നപാരം-അർഭകന്മാർ
അരിശമേകാൺമു ഭീതി-തരളതമിഴിക്കില്ല
കൃശത തനുവിനത്രേ-ഗാംഭീര്യത്തിനെത്തീല (തളിർ)

തിളങ്ങുമീസ്ഫുലിങ്ഗങ്ങൾ-വളന്നുദഹിപ്പതാമോ
വനങ്ങളെ ദനുജക്കും - എളുതാമോ ശമിപ്പിപ്പാൻ
അസുരന്മാർ നിരക്കുവിൻ-ആശ്ചര്യമിതു കാണ്മിൻ
ആശയമതുൾവിനെന്തു-ചെയ്യതിവരോടു നാം (തളിർ)

(കേദാരഗൌഡം-ചായ്പ്പ്)

പദം 4. നീർവലിയിലകപ്പെട്ട-മീൻകണക്കു വിവശമാം
നാവുകളാലാവതില്ലി-ന്നരിയാടാനസുരക്കു
ആശയവക്കുള്ളതോതാം-മാനുഷപ്പിഞ്ച്യകളെത്താൻ
ചേക്കുയുക്തം മഹാനസേ-വിറകിന്നാംതാപസരും (ആശ)

(കല്ല്യാണി ചെമ്പട)

പദം 5. ഇന്നാമാഹരിപ്പതു-കൊന്നല്ലോ വേണ്ടുന്നനം
കൊന്നുകൊൾവതുംപോരിൽ-വേണമെന്നല്ലോ ധർമ്മം
പൊരുതുവതിന്നോവേണ്ടു-പൊരുത്തം പോരാളികൾക്കു
പൈതങ്ങളിവരോട്ടു-വീരർ പോരാട്ടമോ?
കാമ്യവസ്തുക്കൾകണ്ടു-ധർമ്മം നാം കൈവിടാമോ
കണ്ഠീരവങ്ങളുണ്ടോ ജംബൂകവൃത്തിപൂൺമൂ
പുലത്തുവിൻ കിഞ്ചിൽകാലം ധർമ്മമിവർക്കോതുവിൻ
വശത്താവിലെന്നു വന്നാൽ-വെന്നുകൊന്നു ഭക്ഷിച്ചീടാം.

(ആനന്ദഭൈരവി ചായ്പ്പ്)

ശ്ലോകം 4. ദിതിസുതഭവം പരിഭവം
നവംനവം താപസാസ്സ്വമധിദാവം
വിശ്വാമിത്രം വശിനം
ന്യവേദയൻ വശ്യവിശ്വമഹിമാനം.

പദം: 6.

കുശികനന്ദന! ഭോ! കുശാഗ്രമതേ! കേൾക്ക കനിവൊട്ടു
കുശലവിതരണ! ചതുരസുകൃതനിധേ!
താടകാഭയമെന്തുചൊല്വൂ-കാടകങ്ങൾ നട്ടങ്ങിട്ടന്നിതു

താപസക്കരുതുരുക്കഴിപ്പാൻ-മനസിപോലും മറകളധുനാ
നിഗമകമ്മവിധങ്ങൾ തുടരവെ യാതുധാനരണഞ്ഞുടൻ
നിശിതതരശരനിരകൾ തെരുതെരെ-യെയ്യുമാറുപിള-
ന്നിട്ടന്നിതു (കുശിക)

സലിലപാനമൊഴിഞ്ഞുവിളറി മെലിഞ്ഞ കാററിൽ
വലഞ്ഞലഞ്ഞൊരു-
ജലദപങ്ക്തികൾപോൽ വിദൂരേ-കാൺകവാനിൽ
സുരർനടപ്പൂ-
യൂപമെങ്ങു പശുക്കളെങ്ങിതി- വിരയവേ വിനിമേഷ-
മിഴികളിൽ
താപമുതിർപ്പൂ-കോപമുദിപ്പൂ-ശാപം നമ്മളിലവരുരയ്പൂ.
(കുശിക)

ചെന്നു ചെന്നെതിരാന്നിട്ടന്നൊരു-ക്ഷത്രബാലരെയാകവേ
വെന്നുവെന്നഥ കൊന്നുതിന്നു-നടന്നിട്ടന്നു പിശാചവൃന്ദം
ഭാഗ്ഗവൻെറ പരാക്രമം പുരു-ഭാഗധേയമെന്നോത്തു-
നാമന്നു
മാഗ്ഗമെന്തധുനാ നിശാചര-മാഗ്ഗണങ്ങൾ മടക്കുവാനിന്നു
(കുശിക)

ആയ്യധമ്മമഴിഞ്ഞിതവനിയിൽ-യാഗകർമ്മമൊഴിഞ്ഞു
തന്ത്രവു-
മഖിലമാകുലമന്തരിച്ചുസ്വ-രാജ്യവും സ്വാരാജ്യവും ബത
കാണ്മതുണ്ടൊന്നതിനുപായം-ധമ്മഗതിയതിനരുതപായം
കയ്യിലേന്തുക വില്ലുവാളിവ-ഘനപരാക്രമവാരിരാശേ!
(കുശിക)

(ശ്രീരാഗം-ചെമ്പട)

പദം 7. താപസവീരന്മാരേ–താമസമാമീമോഹം
താപസംഭ്രമം കൊണ്ടേ തോന്നുവതിന്നു നൂനം.
മുക്തനുണ്ടോ ബദ്ധനാവൂ വൃദ്ധനുണ്ടോ വട്ടവാമ്പു
ന്യസ്തമാകുംശസ്ത്രമിന്നു-വീണ്ടുമീഞ്ഞാൻ ധരിപ്പനോ
(താപസ)

വേദവിഹിതമാം യാഗ-കർമ്മപഥത്തെ നിന്ദിച്ച
വ്യാമോഹം പലതരുളി-ലോകക്ക് ക്ഷത്രിയന്മാർ
ധർമ്മത്തിന്നുമണച്ചു-ദനുജാതീതമാം ഭയം
ദുർമ്മദരുടെ ശിരസ്സു-പരശുവാൽകൊയ്തു രാമൻ. (താപസ)

അതിനാൽ ഭവിച്ച ധർമ്മ-ച്യുതിയെന്നു ഭീതിവേണ്ട-
മതിമാന്മാർ അസ്ഖലിതർ-രതിമാന്മാർ സ്വധർമ്മത്തിൽ
ക്ഷത്രകുമാരരസംഖ്യം-തത്ര തത്ര വളരുന്നു.
സത്രരക്ഷചെയ്യതിനി-ന്നെത്രയും ശക്തിശാലികൾ
(താപസ)

എന്തിതുനിങ്ങൾക്കഥവാ-ചിന്തയേവം നാമിരിക്കേ
ഏന്തുവിൻ ഭീതി വെടിഞ്ഞു രാക്ഷസവംശദാഹകം
പ്രാക്തനബർഹിസ്സു കയ്യിൽ-വളർത്തുവിൻ കാട്ടുതോറും
കാത്തുകൊള്ളുവാൻ പിന്നാലെ-വാളൊടാൾവന്നെത്തു
മല്ലോ. (താപസ)

രാമനെന്നുണ്ടൊരു കിശോരൻ-ദശരഥനു കുമാരൻ
വസിഷ്ഠനന്തേവാസിയായ്-വസിക്കുന്നിതയോദ്ധ്യയിൽ
വിപക്ഷന്മാരല്ല ഞാനും-വസിഷ്ഠനുമിക്കാര്യത്തിൽ
വിരവിൽ കൊണ്ടുഞാൻപോരാം-അവനെ യജ്ഞാവ
നാർത്ഥം. (താപസ)

(ഉശാനി-ചെമ്പട)

ശ്ലോകം 5. ലാവണ്യാദിഗുണോത്തരാശ്ച മഹിഷീർ-
വിക്രാന്തവീരാൻ സുതാൻ
പൂതം വംശഗുരും വസിഷ്ഠമപരാൻ
വിജ്ഞാനപാരംഗതാൻ
സമ്പ്രീത്യാ സ സഭാജയൻ ദശരഥോ
ഭേജേ സഭാമണ്ഡപം
നിന്യേ കാലമഥോചിതൈഃ പ്രവചനൈ-
സ്സംവാദകോലാഹലൈഃ.

പദം 8. സർവ്വഭൂമണ്ഡലദണ്ഡധര
ചാർവാകനെന്നെന്നെ ബോധിച്ചാലും
ഭവ്യമവനിയിൽ കൈവന്നിടാൻ വഴി
സർവമഖർവമരുൾവനിവൻ

പ്രത്യക്ഷമെന്ന്യേ പ്രമാണമില്ല
നിത്യമായൂഴിയിലൊന്നുമില്ല
ചിത്തത്തിലോർത്തേവം തത്തത്സുഖങ്ങളെ
വ്യർത്ഥമാക്കാതെ ഭുജിച്ചുകൊൾവിൻ.

ദേഹത്തെ നന്നായ് ഭരിച്ചീടുവിൻ
ദേഹമേ നാമെന്നു ധരിച്ചീടുവിൻ.
ദേഹി ദേഹിയെന്നു ഭോഷർ ഘോഷിപ്പതു
മോഹമേ മോഹമെന്നോർത്തുകൊൾവിൻ.

ചാത്തമൂട്ടുന്നതബദ്ധമത്രേ
ചത്തോർക്കു വായും വയറുമുണ്ടോ?
കാണാത്ത ദൈവത്തെക്കൈവണങ്ങീടുവാൻ
കാണായ കായത്തെ കായിക്കൊലാ.

താടിക്കാരുണ്ടൊരു കൂട്ടമവർ—സുഖം
തേടുന്നു യാഗാദികർമ്മങ്ങളിൽ
കാട്ടുതെണ്ടിച്ചെന്നു രാക്ഷസർതൻ്വായിൽ-
ചാടിമരിപ്പതവർക്കു ഫലം.

നല്ല ഭോഗങ്ങൾ ഭുജിച്ചിടേണം
അല്ലലകററുന്ന മദ്യങ്ങളും
മല്ലാക്ഷിമാരുമായ് സല്ലീലചെയ്തു സ-
മുല്ലാസമായ് നാൾ നയിച്ചിടേണം.

പദം 9. ഘർമ്മാംശുവംശവതംസ വിഭോ!
മീമാംസകനെന്നു ബോധിക്ക മാം.
ബീഭത്സമാകുമീ പ്രത്യക്ഷവാദത്തെ
നിർമ്മത്സരജനം കൈക്കൊള്ളുമോ?

യജ്ഞമൊന്നേ കൃത്യം നമ്മൾക്കുള്ളു
യജ്ഞത്തിൽ നിന്നൊരു വസ്തുവുണ്ടാം
സംജ്ഞ "യപൂർവ്വ"മെന്നായതിന്നോതുന്നു
വിജ്ഞാനമാന്ന മഹർഷിജനം

അപൂർവമായതിലൂടേ നമ്മൾ
അമരർ വസിപ്പോരു നാട്ടു പുക്കു
അന്യാദൃശൈശ്വര്യഭോഗങ്ങളങ്ങാണ്ടു
ആത്യന്തികസുഖം അനുഭവിപ്പൂ.

കൈക്കൊൾവീല ഞങ്ങളീശ്വരനെ
കണ്ണുമടച്ചങ്ങിരിപ്പതില്ല
കാലം കളയാതെ കർമ്മം പലതിനാൽ
കയ്യിലാക്കുന്നിതു സ്വാരാജ്യവും.

പദം 10. ഭാഗ്യവാരാന്നിധേ ഭൂമീപതേ!
ഭാഗവതനെന്നു ബോധിക്ക മാം.
ഭോഗവും യോഗവും യാഗവും നിഷ്ഫലം
ഭക്തിയാൽ സിദ്ധിപ്പൂ നിത്യസൌഖ്യം.

മിത്രങ്ങൾ തമ്മിലും മാതാവിനു
പുത്രരിലും, പതിയിൽ പത്നിക്കുമേ
പരന്ന പ്രേമങ്ങളെ പരമപൂരുഷനിൽ
പതിപ്പിക്കിൻ പ്രാപിക്കിൻ പരമാനന്ദം.

പദം 11. ജിഹ്മേതരമതേ ഭൂമീപതേ!
ബ്രഹ്മവാദിയെന്നു ബോധിക്ക മാം
പരമാണുപര്യന്തം സർവചരാചരം
ബ്രഹ്മം ബ്രഹ്മമല്ലാതൊന്നുമില്ല.

ജീവാത്മാക്കൾ നമ്മളോരോരോപേരും
പരമാത്മാവൊന്നു നാം വേറായ് കാണ്മൂ.
ജീവപരങ്ങൾ തന്നൈക്യമറിയവേ
കൈവല്യമപ്പൊഴേ കൈവന്നിടും.

കാണുന്നതാകവേ ഞാനെന്നൊരു
ജ്ഞാനമുദിക്കിൽ നിത്യാനന്ദമാം
കായവും കർമ്മവും സ്വർഗ്ഗവും ഭക്തിയും
കാനൽജലമെന്നറിഞ്ഞുകൊൾവിൻ.

(വേകട-ചെമ്പട)

പദം 12. കേട്ടുകൂടാത്തവയൊട്ടു വളരെ ഞാൻ
കേട്ടിരുന്നേൻ ചിരം കഷ്ടം ധരാപതേ!

കോട്ടം നിനക്കു മതിക്കു ഭവിക്കായ്‌വാൻ
സ്പഷ്ടം വസിഷ്ഠൻ ഞാൻ ധൎമ്മരക്ഷുവൻ (കേട്ടു)

ഇഷ്ടിയാൽ തുഷ്ടി സുരക്കും; അവർ നല്കും
വൃഷ്ടിയാൽ പുഷ്ടി നിനക്കും ലഭിക്കുന്നു.
തട്ടകിൽ വാട്ടമിച്ചുട്ടവട്ടത്തിനു
നഷ്ടം നിമേഷാൽ നിൻനാട്ടും നഗരവും (കേട്ടു)

കർമ്മപഥത്തെ ദൂഷിച്ചു ഭവിച്ചുള്ള-
ദുർമ്മന്ത്രങ്ങൾക്കു നീ കാതു കൊടുക്കൊലാ
സന്മതിയായ നീ തിങ്ങിവന്നീടുന്ന
തിന്മകൾക്കായിക്കവാടം തിറക്കൊലാ. (കേട്ടു.)

(നവരസം-മുറിയടന്ത)

ശ്ലോകം 6. ത്രിഭുവനജീവനമനഘം പ്രിയനന്ദനമൎത്ഥമൎത്ഥ
യൻ കൃതധീഃ
ദശരഥജലദച്ഛായാം കുശികാത്മജചാതകോഽഭജത.

പദം 13. പരിപൂതം ദിനവുമി-ജ്ജനവുമിന്നതിധന്യം
സ്വാഗതം താപസേന്ദ്ര!
ശ്രമമൂനമുടലിന്നു തവ നൂനം ശമസിന്ധോ!
ശ്രമഹരപൂജകളാ-ന്നുപവേശിച്ചരുളേണം-
(പരിപൂ)

(സാവേരി-ചെമ്പട)

പദം 14. നന്നുനന്നയി തവ-നന്ദനവചനങ്ങൾ
നന്ദിച്ചേനേ-ദശരഥ!
അൎത്ഥിയായത്രേ വന്നേൻ-പാൎത്ഥിവ നിൻസവിധേ-
അൎത്ഥിക്കൎത്ഥലാഭമേ-ശ്രമപരിഹാരമാവൂ.

(നവരസം-മുറിയടന്ത)

പദം 13. പറവതിൻമുന്നേ തന്നേൻ-അർത്ഥമേതാകില്ലമേ
പരിഹാരം വരിക നിൻശ്രമത്തിനു താപസേന്ദ്ര!

(സാവേരി-ചെമ്പട)

പദം 14. മറകളും യാഗകർമ്മ-മുറകളും ദനുജരാൽ
കുറഞ്ഞൊന്നു മറഞ്ഞുള്ള-തറിഞ്ഞു നീ കനിഞ്ഞിന്നു.
തരിക തരിക രാമനെ-ധരണിക്കേകവീരനെ
അരക്കർകുലാന്തകനെ-രവിവംശകരീരനെ-
(നന്നുനന്നയി!)

(ധനാശി-ചെമ്പട)

പദം 15. തരുവതെങ്ങനെ ഞാനെൻ രാമനേ
വിരഹം സഹിപ്പനോ മാമുനേ-
ഒരുനാളും ഹന്ത-പിരിയാതെ വളർത്തോരെ-
ന്നരുമരാമനെ വിട്ടാൽ-ധരിപ്പനോ ജീവിതം ?
(തരുവ)
ബാലനത്രേ രാമൻ-ബലവാനല്ല ശസ്ത്ര-
ശീലവുമില്ലേതും-ശക്യമെന്തവനാൽ
അസുരർ ഘോരരവരെ-വെൽവതിന്നാമോ രാമൻ-
(തരുവ)
കുസുമമഞ്ജരിയാമോ-കാളമഗ്നിയമത്താൻ
തരുവനക്ഷൌഹിണി-പോരുവൻ കൂടവേ ഞാൻ
പൊരുതുവനനാകുലം-രണഭുവി വീഴവോളം.
കൊണ്ടു നീ പോകൊലാ-രാമനെ മാത്രം
കാരുണ്യക്കാതലാം-രാജർഷിവീര!

(സുരുട്ടി—ചെമ്പട)

പദം 16. ഭൂപാപസദ-ഹതസത്യ ഘനതിമിര-
കൂപപതിത-
ഇരപ്പതെങ്ങനെ വേണ്ടു-എന്നു ചൊല്ലിത്തന്നു മുന്നം
ഇരപ്പവരോടുവേണ്ടും-മട്ടിതുമുടനയി കാട്ടിയെനി
ക്കിഹ നീ (ഭൂപാ)

അറുപതിനായിരം-വരിഷം നീ നാടുവാണു
അറിവിൻ വേരറച്ചില-ജളതയഹോ! ബഹു
ഫലിതവുമായിതു (ഭൂപാ)

(കേദാരഗൗഡം)

ശ്ലോകം 7. ചൊന്നേൻ ശാപമിതെന്നുരച്ച തരസാ
യജ്ഞോപവീതം പിടി-
ച്ചുന്മുക്തോരുജടാഭരം സദസി ഹാ!
നിന്നാൻ ക്ഷണം കൌശികൻ;
ഭൂപൻ ഭീതികലന്നു, കേണു സുരര-
ങ്ങന്തഃപുരം ക്ഷുബ്ധമായ്.
കല്പാന്തഭ്രമമാന്നു ഭൂതനിവഹം
സംഭ്രാന്തമായെങ്ങുമേ.

(ശങ്കരാഭരണം)

ശ്ലോകം 8. വിശ്വാമിത്ര! സഖേ! ചതിക്കൊല ഹിതം
സാധിക്കുവൻ താവകം
രാമൻ ബാല, നവങ്കൽ വത്സലതയാ-
ലുന്മത്തനീ വൃദ്ധനും
ഛേദിക്കായ്ക മരം സ്വസംഭൃതമഹോ!
പാകോന്മുഖോച്ചൈഃഫലം

സ്വാർത്ഥം മർത്ത്യസുരാർത്ഥവും കരുതി നീ
കിഞ്ചിൽ പൊറുത്തീടെടോ?

(ബഹരി-ചെമ്പട)

ശ്ലോകം 9. വസിഷ്ഠോ ബലിഷ്ഠം മുനേഃ കോപവഹ്നിം
പ്രസഹ്യ പ്രശാമം നയജ്ഞം നിനായ
വികല്പൈരനല്പോത്തരങ്ഗാന്തരങ്ഗം
വിതന്ദ്രോ നരേന്ദ്രം മുനീന്ദ്രോ ജഗാദ.

പദം: 17. നരപതേ! ദശരഥ!വീര-നിശാമയ
നിരവധി ഗുണവാചം ധീര-
തൂണിയിൽ വീരന്നു ബാണങ്ങൾപോലല്ലോ
പ്രാണപ്രിയരായ പുത്രർ പിതാവിന്നു
വരതരലക്ഷ്യത്തിലർപ്പിക്കയാലത്രേ
വരുവതക്കു ജനിക്കു ഫലം തുലോം. (നരപതേ)

വേർപാടുകൾക്കൊരു സങ്കേതം ഭൂതലം
വിജ്ഞൻ നീയേവം വിലാപം തുടരൊലാ
വീരനീ രാമൻ വിജയലക്ഷ്മീചിത്ത-
ചോരനെന്നോക്ക വിതക്കങ്ങൾ പോക്കുക (നരപതേ)

സന്ദേഹമുണ്ടതിൽ വീണ്ടുമെന്നാൽ കേൾക്ക
സന്ദേഹമററുള്ള മറേറാരു വസ്തുത
താപസകോപത്തിൽ വംശവും വെന്തുപോം
രണ്ടും നിരൂപിച്ചു വേണ്ടതുറയ്ക്കു നീ (നരപതേ)

വിശ്വാമിത്രങ്കൽ സമർപ്പിച്ച വസ്തുവേ
വിശ്വത്തിലേവൻ ഹരിപ്പാൻ ക്ഷമൻ സഖേ!
വിശ്വസിച്ചാകയാലത്ഥിവരന്നു നീ
വിശ്രാണിച്ചിടുക വീരഹീരോത്തമം (നരപതേ)

(ഭൈരവി-ചെമ്പട)

പദം 18. രാമ! മമ പ്രേമാ-രാമ! എന്മകനേ
രാമ! നയനാഭിരാമ!
ഭീമമേ നിൻവിരഹം-ഭീമതരം മുനികോപം
ആമയമരുതു തേ തുടന്നാലും മുനീന്ദ്രനെ (രാമ)

(ശങ്കരാഭരണം-ചായ്പ്)

പദം 19. സുദിനമിന്നു നിനക്കും കുലത്തിനും ജഗത്തിന്നും
സത്യമെന്നാകിലോ രാമൻ ചെയ്യുവേണ്ടുമാനവേന്ദ്ര!
(സുദിന)

(പുന്നാഗവരാളി-ചെമ്പട)

പദം 18. മുനിചൊല്വതുപോൽ സത്യം-മകനേ നീ
ചെയ്യുനല്ലൂ
മുനിമാർ മൂവുലകും-മനസാ കാണ്മോരല്ലോ (രാമ)

(മോഹനം-ചായ്പ്)

പദം 20. താതപാദങ്ങളാണെ-മാതാക്കൾ മൂവരാണെ
മാർത്താണ്ഡദേവനാണെ-ചെയ്തിട്ടന്നേനിതു സത്യം.
ആര്യലോകാവനത്തിന്നായ്-ആര്യധർമ്മപ്രതിഷ്ഠയ്ക്കായ്
ധരിക്കുവൻ ധനുസ്സു ഞാൻ-ഇരിപ്പോളമിതു സത്യം
അരക്കർതൻകുലത്തിൻവേ-രറുക്കുവോളവുമീ ഞാൻ
കരത്തിന്നു വിട്ടത്തീടാ ശരചാപമിതുസത്യം.
ദയവും ദയിതയും-പ്രിയവും പ്രിയജനവും
തൃണമെന്നെണ്ണി ഞാൻ ധർമ്മ-രക്ഷചെയ്യുനിതു സത്യം.

(മുഖാരി-ചായ്പ്പ്)

ശ്ലോകം 10. നീതോ ഗാധിസുതേന കാനനതലം
ശസ്ത്രേഷ്വധീതഃ ക്ഷണാ-
ദാദിഷ്ടോ ഗുരുണാ രണേ നിശിചരീം
ഹന്തും സ്വയം താടകാം
ചിന്താമന്തരരുന്തുദാം ബഹുതരാം
ശങ്കാശതാവിദ്ധധീ-
സ്ത്രൈലോക്യോത്തരരാമണീയകനിധീ
രാമോ രഹഃ പ്രാപ്തവാൻ.

പദം 21. നളിനബന്ധോ കുലോദ്വഹ മുകുളിതമെന്നക·
നളിനം

ഇരുളിയന്നു ചിന്തകളാം അളിനികരാകുലമലം (നളിന)

നിങ്കരുണയെങ്കൽവേണം-പൊങ്കരങ്ങളണയ്ക്കേണം
ശങ്കകളകന്നെൻചിത്ത-പങ്കജമിന്നുണരേണം (നളിന)

ദേവന്മാരേ നിങ്ങളുടെ-ദേവനത്തിന്നാമോ രാമൻ
സ്ത്രീവധംഞാൻ ചെയ്തതാനോ-ഭവദീയാത്ഥംസാധിക്കേണ്ടു
(നളിന)

വീരനെന്നു രാമനു പേർ-വിധിപ്പതാകിലാദ്യലിപി
ഘോരമീകശ്മലതയോ-കുലകളങ്കകരം തുലോം (നളിന)

(നാഥനാമക്രിയ-ചെമ്പട)

പദം 22

എന്തുവാൻ ഝടിതി വനം സ്തബ്ധമായ്ഭവിപ്പതിപ്പോൾ
ഹന്തഹന്ത ചിത്രമതിൽ-ചേർത്തപോലെകാണാകുന്നു
(എന്തു)

മോഹമെൻമനം ഗ്രഹിപ്പൂ-സ്വാപവുമെന്നുടൽ പൂൺമൂ
മോഹവും സുഖാവഹമാം-നന്നിന്നതിൽ ഞാൻ
ലയിപ്പൂ (എന്തു)

(കാമോദരി—ചെമ്പട)

ശ്ലോകം 11. നീതം രാമം കാനനം കൌശികേന
ശ്രുത്വാ ദൂതാത്താടകാ കൌതുകാഢ്യാ
ദ്രാഗദ്രാക്ഷീത്സഞ്ചരന്തീ വനാന്തം
കാന്ത്യാ കഞ്ചിദ്ദീപയന്തം സ്വപന്തം.

പദം 23. കമനീ-യാങ്ഗനിതാരോ
കവരുന്നു കണ്ണിണ-
കാനനനീലിമയിൽ-പൂനിലാവൊളി പൂശി
നീരദനികരനി-ലീനനവോദിത-
പൂർണ്ണസോമ-സാർവ്വഭൌമ-
സദൃശാതിശോഭിതനു (കമനീ)

കാകപക്ഷസുന്ദരം-ബിമ്ബാധരമധുരം
ഗണ്ഡമുകുരോജ്ജ്വലം മന്ദസ്മേരവദനം
കോദണ്ഡശ്രീമഞ്ജുളം സിംഹസംഹതഗാത്രം
രൂപം നിരുപമം ദ്വ-രാപമിതവനിയിൽ

പണ്ടുകണ്ടു-മില്ലതെല്ലു-മിവനൊട്ടു തുല്യരുചി (കമനീ)
മദിതമാമെന്മാനസ-മതംഗജമതിലേററി
മഹിതരാഗലഹരീ-ഝരിയിൽ നീരാട്ടി
മദനമഹാവിജയ-മഹമഹിമ കൊണ്ടാടി
മരുവുകിലൊരുകുറി-മമ നനു ജീവിത-
മഖിലമിന്നു-സഫലമെന്നു
കരുതുന്നു ഞാൻ സപദി (കമനീ)

(സഹന—ചെമ്പട)

ശ്ലോകം 12. നിർവർണ്ണ്യ ലാവണ്യധുരാം ചിരാദ്യദാ
ബിമ്ബാധരം നൈവ ചുചുംബ ഭാമിനീ
രക്ഷ്യസ്ത്വദാചാര്യഗിരോഽയമിത്യഹോ
ധിയം ഹ്രിയം ചാപി സമം ജഗാമ സാ.

പദം 24. മനക്കാമ്പിന്നമൃതിവൻ മതിക്കോ വൻകാളക്കൂടം
മതിയേ രാജ്ഞിക്കുവേണ്ടു-മനമേ നീ തകന്നാലും (മന)

പെരുതേ ഞാൻ ചെയ്തസത്യം-പെരുതേയെൻപ്രജ്ഞാകൃത്യം
അരുതിവന്നുപചാരം-അരുൾവാനിവൾക്കുഭാഗ്യം (മന)

വനരാജികളേ നിങ്ങൾ-പുരുപൂജകളേകുവിൻ
അനുകൂലതരം തണൽ-പേയഭോജ്യാദികളും (മന)

ചെറുതെന്നല്ലുണരുക-മൃദുമേനി പുണരുക
വിരുതങ്ങളാൽഖഗങ്ങൾ അരുളുവിൻചെവിക്കിമ്പം(മന)
ജഡമിതിങ്ങിതാപോവൂ-ഝടിതി നമ്മൾക്കുവീണ്ടും
ഘടന നല്കിടും ഘോരം-അടരൊന്നേ പാർത്തിരിപ്പൂ
(മന)

(തോടി—ചെമ്പട)

ശ്ലോകം 13. കോകിലൈഃ കളനികൂജിതേ പവനപോത-
ശീതമൃദുവീജിതേ
ചഞ്ചരീകകൃതഝംകൃതേ ഝടിതി ബോധി-
തോ രഘുവരോ വനേ
കാഞ്ചിനൂപുരനിശിഞ്ജിതാം ക്ഷണവിലോകി-
താമഥ തിരോഹിതാം
വീക്ഷ്യസോഽഭജത വിസ്മയം വരവപുഃ ശ്രി-
താമിവ വനശ്രിയം.

പദം 25, മറിമായമിതറിവില്ലേ-നിനവോ കിനാവോ-
മറിമാൻമിഴിയാരിതു വന-
മണഞ്ഞതുമുടനൊളിഞ്ഞതും ബത- (മറി)
ബഹുഫലനതതരുവരങ്ങൾ-സരസസാരസകൂജിതങ്ങൾ
മഞ്ജുകുഞ്ജശീതളങ്ങൾ ശോഭനങ്ങളീവനങ്ങൾ (മറി)
വൈരമൊഴിഞ്ഞെഴും മൃഗങ്ങൾ-ഭരിപ്പൊരുകരവിരുതുരപ്പും
വരവർണ്ണിനീജനവുമുണ്ട-സൈ്വരമെങ്ങും സഞ്ചരിപ്പൂ(മറി)
കാനനമിതു മോഹനം രണ-കലകലാകുലം ചമപ്പാൻ
കൃത്യമിന്നു ദൈത്യനിധന-സത്യബദ്ധനാമെനിക്കു (മറി)

(ഖമാശ്—ആദി)

ശ്ലോകം 14. അദ്ധാ കിലാത്മപ്രണിധാനഹന്ത്രീം
ചിന്താകുലാം രാഘവചിത്തവൃത്തിം
സദ്യസ്സമസ്താമപനേതുകാമ-
സ്തദന്തികം ഗാധിസുതഃ പ്രപേദേ.

പദം 26. രാമ! സത്യപരാക്രമ! മതിമോഹമരുതു തവ-
രാമ! സത്യപരാക്രമ-

മുഖചന്ദ്രനിൽ തവ കാണ്മതുണ്ട കളങ്കമായതുമന്തരുദിത-
രം (രാമ)
ചിന്താശ്വാപദങ്ങൾക്ക നീ-യിരയാക്കൊലാ ചിത്തം
വിടിരും, വിവേക-സരോരുഹത്തെ വികല്പമാം ഹിമമോ-
ക്കിൽ ഹനിക്കും (രാമ)
ക്ഷാത്രം സ്വധമ്മമതിങ്കൽ-മതിചേക്ക നിരന്തരം
ഭയദം വനം ചതി ചെയ്യിട്ടും കരുതായ്ക്കിലോ സുരവൈരി-
കൾ പോരിക (രാമ)

(സുരുട്ടി—ആദി)

ശ്ലോകം 15.

രണം മരണമേവ വാ വിരഹതോ വരം വൃണ്വതീ
പദാനി മൃദു തന്വതീ സപുളകോദ്ഗമാ താടകാ
മുഹുർവിനയവാരിതാ മുഹുരപി സ്മരപ്രേരിതാ
ജഗാമ വനദേവതാച്ഛലധൃതാഽഥ രാമാന്തികം.

പദം 27. താടകാതമസ്സാളും കാടിതിൽ-ഹാടകാഭ വളത്തി
യെങ്ങും
പേടമാൻമിഴി പോവതെങ്ങനെ-പേടിയില്ലയോ തുണ-
യുമാരയി!
ആരു നീ വനലക്ഷ്മിയോ വദ-താടകയ്ക്കുമധീനയോ
പോരുവാൻ ഹിതമോ പുരംപ്രതി-പോന്നവൻ ഞാൻ
തുണയ്ക്കു സമ്പ്രതി.

(ആനന്ദഭൈരവി—ആദി)

പദം 28. വീരവനലക്ഷ്മി ഞാൻ-താടകയ്ക്കുമധീന ഞാൻ
നേരുചൊല്ലാം കുതുകമേറും-പോരുവാൻ നിന്നോടെനിക്കു
രാജ്ഞിയാം താടകയ്ക്കെന്നാൽ പ്രതിജ്ഞയാൽ ബദ്ധ
ഞാനോ

ആവതല്ല മേ-പോവതിനെങ്ങും
ചെയ്യതെന്തുവാൻ-ദൈവഗതിക്കിഹ.

(സുരുട്ടി—ചായ്പ്പ്)

പദം 27. കഷ്ടമിന്നീ സത്യബന്ധം-ദുഷ്ടരാക്ഷസിയോടു തേ
ശിഷ്ടയാം തവ രക്ഷയരുൾവൻ-ശീഘ്രമവളെവധിക്കുവൻ.

(ആനന്ദഭൈരവി—ആദി)

പദം 28. സ്ത്രീവധവും ചെയ്യുമാറു-വൈരബന്ധമെന്തു ഹന്ത
താടകാവശഗയാം ഞാൻ-സന്ധിവാക്കൊന്നുരയ്ക്കുവൻ
അസുരനരഹിതകരം-ചെയ്കിലോ സന്ധിയൊന്നു നിൻ-

ചരണസേവനം ദുരിതമോചനം
പുരുസുഖപ്രദം-കരുതും താടക.

(സുരുട്ടി—ചായ്പ്പ്)

പദം 27.

സുരഹിതം സവനംമുടക്കും-അസുരരും നരരുംനിരക്കുമോ
തിമിരദിനകരതുല്യമവരും-ജാതിവൈരികളല്ലയോ?

(ആനന്ദഭൈരവി—ആദി)

പദം 28. പാൽ ചുരന്നു പ്രേമരസ-പ്പാലിരന്നു ഫുല്ലദൃഷ്ടി
പേർത്തരുളും മാതാക്കളാം-പശുക്കളെത്താൻ വധംചെ
യ്യാൽ

സ്വർഗ്ഗവും ലഭിപ്പതാമോ-സുഖദമോ ലഭിക്കിലും
അന്ധമോഹമി-ന്നെന്തു ചൊല്വ ഞാൻ
ചിന്ത ചെയ്കിലോ-ഹന്ത ദുരന്തം.

(സുരുട്ടി-ചായ്പു്)

27 വൈധകമ്മം വധമെന്നരുളക-ബോധഹീനതയല്ലയോ
ബോധമെങ്ങുളവാകുമോത്താൽ-ശ്രദ്ധയററൊരു ഹൃത്തടേ
ശ്രദ്ധയും ഹതമൂലകുത്സിത-സ്ഥൂലയുക്തി ദുരാപമാം
യുക്തിസൂക്ഷ്മതവരുവതോ നരമാംസഭോജിജനത്തിനും.

(ആനന്ദഭൈരവി—ആദി)

28 വീരനെപ്പോരാടിക്കൊന്നു-വീരനാ മാംസം ഭുജിച്ചാൽ
വീരഭാവമവന്നേറും-വൈരവുമപ്പഴേ തീരും
കാകജമ്ബുകാദികൾക്കായ്-കൊലവേല കയ്യേല്പതു
സൈ്വരവത്തനം-വൈരവദ്ധനം
ധമ്മകോപനം-ശർമ്മഹരം പരം.

(നാട്ടക്കുറുഞ്ഞി—ചെമ്പട)

ശ്ലോകം 16. ആരബ്ധസത്രവിധയോ നിധയോ യമാനാം
വിഷ്ടബ്ധസത്ത്വനിവഹം വിപിനം വിലോക്യ
അന്തർഭിയാ തരളിതാ രഘുവീരമാപു-
രന്തർധിമപ്യഖിലദൈത്യധുരംധരാ സാ.

പദം 29. ശരണം ശരണം രാമ-ശ്രീരാമ, രാമ
ശരണം ശരണം രാമ-
ശരണം ഭയഹര-ശരണം ദൈത്യഹര
ശരണം ശിവങ്കര-ശരണം കൃപാകര (ശരണം)
കാടാകെത്താടകാമയമായ് കാണ്മു-അവളെ
ധൃതിയററ ദൃഷ്ടികൾ തിങ്ങും-ഭയമാന്നു
ത്വത്സന്നിധി പുക്കമെങ്ങും-തിരയുന്നു
രാമ ജഗദഭിരാമ സുജനല-ലാമ ഖലജനഭീമ മുഖജിത-
സോമ സുഗുണവിസീമ,ജിതകാമബുധജനാരാമ
(ശരണം)

ഭീതിയാൽ വിറകൊണ്ട ഹോതൃകരഗതം
ഹവിസ്സു വഹ്നിവിട്ടപാത്രം-ഗമിക്കൊല്ല
ഹതസാഫല്യമായി സത്രം-ഭവിക്കൊല്ല-
മരണജനിഭയ-ഹരണ നിഖിലവി-തരണ സരസിജ-
ചരണനതജന-ശരണ ഗുരുതര-കരുണ ജിതകരണ
ത്രിഭുവനാഭരണ (ശരണം)

(മധ്യമാവതി—ചെമ്പട)

ശ്ലോകം 17.

ഹൈമോ ഹസ്തഃ പൃഥിവ്യാസ്ത്രിദിവമിവ ഹരൻ
വഹ്നിരാജ്യൈസ്സമിന്ധേ
ബ്രാഹ്മൈഃക്ഷാത്രൈർമഹോഭിസ്സ ച കുശികസുതോ
യാഗശാലാന്തരാളേ
ദ്വാരേ ശ്രീരാമചന്ദ്രസ്ത്രിഭുവനസുകൃതൈർ-
ജ്ജൃംഭിതൈരാത്തധന്വാ
ദ്രഷ്ടാരശ്ചാത്മഭാസാ ഗഗനമധി സുരാ
ഹവ്യഗന്ധപ്രസന്നാഃ.

പദം 30. ക്ഷാത്രബ്രഹ്മാദിധർമ്മ-പവിത്രതരമഹാ-
ക്ഷേത്രഭൂത രാജർഷേ-പാത്രം തേ കൃപക്കു ഞാൻ.
നാരിയെ ഞാൻ വധിക്കയെന്നോ-ചൊല്വതു വീണ്ടും
വാച്യ-
ഭാരവും വഹിക്കയെന്നോ-ഭുവിലെൻപേർ.ശ്രുവിപ്പോളം.

(അഠാണ—ചെമ്പട)

പദം 31. രാമ-തവ മൃദുലഭാവമപവീര്യമനാര്യമഹോ
പിശിതലോഭിവ്യാഘ്രിയേല്ലുമളവോ സ്ത്രീത-ചിന്ത! ഹന്ത
(രാമ)

അസുരരോക്കിലായ്യധർമ്മതരുവിനു പരശ്ശുഭ്രതരല്ലോ-പര-
മവരിലെന്തു കനിവു ഹന്ത വേണ്ടതു വധ്യബുദ്ധിയല്ലോ.
ആകിലുംവധിപ്പതില്ല വനിതയെയെങ്കിലൊന്നുവേണ്ടം-
നീ-
അഖിലലോകസാക്ഷ്യമന്നുരച്ചോരു സത്യമോക്കവേണ്ടു-
മുമ്പതിനെ ഹനിക്കവേണ്ടു.

(മധ്യമാവതി—ചെമ്പട)

പദം 30.

രാമബാണങ്ങളേ നിങ്ങൾ-ക്കാമയമണയ്പൂ രാമൻ
കാമിനിയെക്കൊല്വതല്ലോ-കഷ്ടം നിങ്ങൾക്കാദ്യകൃത്യം
ധീരനല്ല രാമൻ അവളെ-അക്ഷിലക്ഷ്യമാക്കയില്ല
ധീരർ നിങ്ങളെങ്കിൽ പൂവിൻ-മനസാ ഞാൻ നിനക്കും
ലക്ഷ്യം.

(കേദാരഗൌഡം—ചെമ്പട)

ശ്ലോകം 18. താവത് കാളാംബുദാളിഃ കബളയിതുമിവ
പ്രസ്ഥിതാ സത്രശാലാ-
മദ്ധാ ശ്രീരാമവർജ്ജം നിഖിലജനദൃശാം
താടകാ പ്രാദുരാസീത്;
കല്പാന്തോദ്ഭ്രാന്തവാന്തോജ്ജ്വലദനലശിഖോത്-
ക്ഷേപിവീക്ഷാദ്ദരീക്ഷാ
ഭഗ്നഭ്രൂർഭ്രഷ്ടരൂക്ഷാക്ഷരമനവരതോ-
ത്സൃഷ്ടധൃഷ്ടാട്ടഹാസാ.

പദം 32.

നരനായ് പിറന്നു നമ്മോ-ടെതിരിട്ടുവോനതിസൂക്ഷ്മ-
തരനാരു കാണെക്കാണെക്കുതുകമേറും
കാടിതിൽ നീ മടിവിട്ടെൻ-തുട്ടറിഞ്ഞു താനേവന്നു
തേടിയതു താടകതൻഭാഗ്യധാടിയേ.

 12512

(പന്തുവരാളി—ചെമ്പട)

പദം 33.

യാഗമിന്നു മുടക്കുവാൻമുതിരാതെ പിൻതിരിയാസ്സിലോ
ബാണപുങ്ഖമണച്ചയപ്പൻ പ്രാണനേ യമനന്തികേ,

(കേദാരഗൗഡം—ചെമ്പട)

പദം 32. പലനാളായ് കൊതിച്ചോരു-ഫലംമുമ്പിൽകാണു
ന്നേരം
വിലങ്ങീലതിൻരുചിയിൽ ലയിക്ക ഞായം
കാലിൽ താനേ തടഞ്ഞോരു കനകം കളവതുണ്ടോ
കാണണമിവളിൽ നിൻെറ-അമ്പിൻവിലാസം.

(പന്തുവരാളി)

പദം 33.

ഏതുമില്ല വിവേകമെന്നതിനാലഹോ തവ തനുവതിൽ
യാതുധാനവിനാശനം ശരസഞ്ചയം ചൊരിയുന്നു ഞാൻ,

(ബലഹരി)

പദം 34. ഓട്ടുന്തു താടക രാമ-തുടന്നാലും വധിച്ചാലും
കൂട്ടമോ സൈ്വരമായ് പാക്കാ-നാക്കുമേയിവളിരിപ്പോളം.

(അഠാണ-ചെമ്പട)

ശ്ലോകം 19. ക്രന്ദംക്രന്ദം രാമരാമേതി ബാലാ
നിന്ദംനിന്ദം സ്വാം ഗതിം തം ന ദൃഷ്ട്വാ
ദീനാ ദൂനാ താടകാ കാനനാന്തേ
ശയ്യാം ശല്യൈഃ കല്പിതാം സ്മാധിശേതേ,

പദം 35 രാമ! ഞാനപരാധം കിന്നു ചെയ്തേൻ
സൗമ്യഗുണവസതേ! സാരസനേത്ര രാമ!

നിൻകണകൾ മെയ് പിളന്നും-നിൻകനിവതുമകന്നും
പങ്കജാക്ഷ! കഥമിന്നു-സങ്കടം ഞാൻ സഹിക്കുന്നു (രാമ)
പാർവണവിധുവദനം-താവകം ഞാൻ കാണ്മോളവും
പ്രാണനെന്നെ വെടിയുമോ-പ്രാണവേദനയും പോമോ
(രാമ)

(ഭൈരവി-ചെമ്പട)

ശ്ലോകം 20. സ്ത്രീവധചിന്താശല്യം ഹൃദയാന്നാലം കിലൈക
മുദ്ധൃത്യം
ശല്യശതശകലിതാങ്ഗീം രാമോ വനദേവതാം തദാ-
ദ്രാക്ഷീത്.
പദം 36. വനലക്ഷ്മിയല്ലോ നീ-നിരവധിശരദൂനാ
താഡിതയായിതോ നീ-താടകയാലിന്നു.

(നീലാംബരി-ചെമ്പട)

പദം 37. താടക ഞാൻ ഭവാൻ-കണ്ട വനലക്ഷ്മിയും
താഡിതയായ്ശയിപ്പൂ-താവകശരങ്ങളാൽ.

(ഭൈരവി-ചെമ്പട)

പദം 36. എന്തൊരു മറിമായം-അറിയുന്നീലിതമേയം
എന്നാമാങ്കിതമത്രേ-ശരമിന്നോരോന്നുമേ
കാളിമ മൂർത്തമായ-ക്രൂരസ്വരൂപിണി
താടകയെന്നു കേട്ടേൻ-കണ്ടീല ഞാനെങ്കിലും
സൌന്ദര്യത്തിനൊരണി-മന്ദിരമായൊരു നീ
ഇന്നത്താടകയെന്നാൽ-എങ്ങനെ ഞാൻ ബോധി-
ക്കേണ്ടു.

(നീലാംബരി—ചെമ്പട)

പദം 37. കാളിമമൂർത്തമായ്-കണ്ടതങ്ങവക്കുള്ളിൽ
കാളുന്ന കാളകൂടം-താടക ഞാൻ താനല്ലോ.

(ഭൈരവി-ചെമ്പട)

പദം 36. ദുരിതകഥപോലുമേ-ലേശമങ്ങേശീടാതെ
ഭരണീയയല്ലേ നീതാൻ-വധിച്ചേനോ ഞാൻ നിന്നെ
ചക്ഷുഃശ്രുവണനായ് ഞാൻ ചുരന്നേൻ വിഷശരാളി
പരതന്ത്രത രാമ-നിതിലേറെയുണ്ടാകാമോ ?

(നീലാംബരി-ചെമ്പട)

പദം 37. പാരതന്ത്ര്യമല്ലോ-പ്രകൃതി പ്രാണിക്കിഹ
പോരും പരിതാപം-വീരനിൽ വിഗർഹിതം.
പുണ്യജനങ്ങൾ തൻ-പുണ്യമകന്നിതു
ധരണിയിലെങ്ങൾക്കില്ല-കരണീയവുമിനി.

ജാതനായ് നീ പ്രതി-ജ്ഞാതവുമായ് നിന്നാൽ
ശാന്തരാക്ഷസമാക്കി-ക്കൊള്ളുവാൻ ഭൂതലം.
ദാശരഥേ! സർവ-വിജയവും നിനക്കുണ്ടാം
ദേശകാലാവധികളെ-ധ്വംസിക്കും യശസ്സുണ്ടാം.

ആകിലും മരിപ്പവ-ളിവൾക്കു കാണാകുന്നു
ആനന്ദസർവസ്വമാം-വടിവൊന്നു തെളിഞ്ഞിന്നു.
ഗോമേധീയപരയാഗ-രക്ഷ നീ ചെയ്കയാലേ
ഗോകുലം തന്നിലേ വന്നു നീ ജനിക്കണം

പശുക്കളെ മേയ്ക്കണം-പിന്നാലെ നടക്കേണം
പുൽത്തറ കാട്ടണം-വൻകുട ചാർത്തണം
വേണുവാൽ പൊഴിക്കണം-കർണ്ണാമൃതം ഗോപ-
വനിതമാരിങ്ങ്ഗീതങ്ങൾ ആകവേ സാധിക്കണം.

കേട്ടുകൊൾകാകിലും-കമനീയം ഗോരസം
കട്ടു ഭുജിപ്പാനേ-നിനക്കു തരം വരൂ.
കണ്ണകൊണ്ടും കാന്തികൊണ്ടും-കളവററ നിഷ്ഠകൊണ്ടും
കമനിമാർ മനത്തട്ടു തകർക്കും നീ പലപോതും

പതിയായ് നീ ഭവിക്കണം-ആകയാലതു കാലം
പതിനാറായിരമെട്ടും-പനിമതിമുഖിമാക്കു
എനിക്കുമന്നരുളേണം-ജനിക്കുള്ളോരു ബന്ധം
ഫലിയാത്ത പ്രേമതരു-ഫലസങ്കുലമാകണം.

(ഗോപികാവസന്തം-ചെമ്പട)

പദം 38. ബാലയുവാദിലക്ഷ്യം-ഗുരുതരമുപദേശം
ബഹുപഥമേകമുഖം-ഏകതാപ്രദർശകം
ഏവമാം ധർമ്മഗതികൾ പ്രതിയുഗപരിണതികൾ
ഭുവിലവ വിതതമാവാൻ-ഭവിപ്പൂ ഞാൻ യുഗംതോറും
(ബാല)

നിഷ്കർമ്മനിശാചരവ്യാകുലം ഭൂതലമിതു
നിജകർമ്മനിരതമാമ്മാ-റിന്നു പോന്നുപിറന്നേനല്ലോ.
കർമ്മമായ് രാജസമായ്-ചമയുമീ ലോകം മേലിൽ
കർമ്മയോഗം ചൊല്വാനന്നും-ഭവിപ്പൻ നീ
കണ്ടവടിവിൽ (ബാല)

പാരിനിന്നു പോന്ന ധർമ്മം പരിഭവാസഹമിതു നീ
പകച്ചു തത്കോപാഗ്നിയിൽ-പതിച്ചു ദഹിച്ചെ
ങ്കിലും.
സത്യസങ്ഗരയാം തവ-നിത്യമങ്ഗളങ്ങളുണ്ടാം
ശമമിന്നാന്നിച്ചുപോലെ-യുണരുക യുഗാന്തരേ!
(ബാല)

"രാമമന്മഥശരേണ താഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ"

ശുഭം

# വി. കൃഷ്ണൻതമ്പിയുടെ കൃതികൾ

| | | |
|---|---|---|
| 1. | കപാലകുണ്ഡല | (നോവൽ) |
| 2. | സൌദാമിനി | ,, |
| 3. | താടകാവധം | (ആട്ടക്കഥ) |
| 4. | വല്ലീകുമാരം | ,, |
| 5. | ചൂഡാമണി | ,, |
| 6. | ശ്രീകൃഷ്ണാവതാരം | (ഗാനകാവ്യം) |
| 7. | ഷഷ്ഠിപൂർത്തിദർപ്പണം | ,, |
| 8. | ശ്രീരാമകൃഷ്ണചരിതം | ,, |
| 9. | ഉർവ്വശി | (പദ്യനാടകം) |
| 10. | വിധിയന്ത്രത്തിരിപ്പ് | (പ്രഹസനം) |
| 11. | കമലത്തിന്റെ കന്നിക്കേസ് | ,, |
| 12. | മരതകമാല | ,, |
| 13. | ഭാരതിക്കുട്ടി | ,, |
| 14. | മൃണാളിനി | ,, |
| 15. | ലളിത | (നാടകം) |
| 16. | പ്രതിക്രിയ | ,, |
| 17. | ധർമ്മസ്യ സൂക്ഷ്മാഗതിഃ | ,, |
| 18. | വനജ്യോത്സ്നാ | ,, |
| 19. | പേടികാസന്യാസി | ,, |
| 20. | ചാണക്യൻ | ,, |
| 21. | ധ്രുവചരിതം | ,, |
| 22. | ദ്രൗപദീവിജയം | ,, |
| 23. | അജ്ഞാതവാസം | ,, |
| 24. | നളിനി | (ചെറുകഥ) |
| 25. | കപ്പൽച്ഛേദം | (ബാലസാഹിത്യം) |
| 26. | കുട്ടപ്പനും കുരുവിയും | ,, |
| 27. | തുമ്പിയും താമരയും | ,, |
| 28. | അവിവേകിയായ തേനീച്ച | ,, |
| 29. | ധ്രുവചരിതം കഥാപ്രവചനം | ,, |

PRINTED AT
ST JOSEPH'S PRESS,
TRIVANDRUM.